പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 581

29.6.2015 ൽ
മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനികവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (ബഹു. വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) പൊതുമേഖലാ സ്ഥാപനങ്ങൾ വിപുലീകരിക്കുന്നതിനും ആധുനിക വൽക്കരിക്കുന്നതിനുമായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) പൊതുമേഖലാ സ്ഥാപനങ്ങൾ വിപുലീകരിക്കുന്നതിനും ആധുനിക വത്കരിക്കുന്നതിനുമായി നൂതന സാങ്കേതിക വിദ്യയുടെ കൂട്ടിച്ചേർക്കൽ, മികവുറ്റ ഉൽപാദന സംവിധാനങ്ങൾ, ഉൽപാദനക്ഷമത വർദ്ധിപ്പിക്കൽ, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം എന്നിവ ഉൾപ്പെടുന്ന വിവിധ പദ്ധതികളാണ് സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്നത്. |
| ബി) പൊതുമേഖലാ സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനം നടത്തി വരുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് പ്രത്യേക പഠനം നടത്തുന്നില്ല. എന്നാൽ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾ സമർപ്പിക്കുന്നത് വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. |
| സി) പ്രസ്തുത സ്ഥാപനങ്ങളുടെ മോണിറ്ററിംഗ്, ഇവാല്യവേഷൻ, ഇംപാക്ട് അസെസ്സ്മെന്റ് എന്നിവ നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ? | സി) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പ്രവർത്തന പുരോഗതി മാസംതോറും അവലോകനം ചെയ്യുന്നതിനായി പ്രത്യേക അവലോകന സംവിധാനം പൊതുമേഖലാ വ്യവസായ പുനസംഘടനാ ബോർഡ് മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. റിയാബിന്റെ അവലോകന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും |

റിയാബ് നേരിട്ടും, മൂന്ന്
മാസത്തിലൊരിക്കലും
അർദ്ധവാർഷികമായും വ്യവസായ വകുപ്പ്
മന്ത്രിയുടെയും വകുപ്പ് സെക്രട്ടറിയുടെയും
നേതൃത്വത്തിൽ പ്രത്യേകമായും
അവലോകനം നടത്തുകയും സ്ഥാപനങ്ങളുടെ
യഥാർത്ഥ ലാഭ നഷ്ടം അറിയുന്നതിന്
വേണ്ടി കണക്കുകൾ പൂർത്തീകരിച്ച്
ആഡിറ്റുകൾ യഥാസമയം നടത്തുന്നതിന്റെ
പുരോഗതി വിലയിരുത്തി ആവശ്യമായ
നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങൾ
നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ
വിലയിരുത്തലിനും ഇംപാക്ട് അസ്സസ് മെന്റ്
നടത്തുന്നതിനും ആവശ്യമെങ്കിൽ വിദഗ്ദ്ധ
ഏജൻസികളുടെ സേവനം
ഉപയോഗപ്പെടുത്തുന്നതാണ്.

സെക്ഷൻ ഓഫീസർ